## ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിൽ നിന്ന് വായ്പ

24 (*230) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിൽ നിന്നും സർക്കാർ കടമെടുക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്തു തുകയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിൽ നിന്നും എന്തെങ്കിലും തുക ഇതിനകം ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എത്ര ;

(ഇ) എന്തെല്ലാം ആവശ്യങ്ങൾക്ക് വേണ്ടിയാണ് ഈ വായ്പ നൽകുന്നത് എന്ന് വ്യക്തമാക്കാമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്

(ബി) ബാങ്ക് പ്രതിനിധികളുമായി പ്രാഥമിക ചർച്ചകളേ കഴിഞ്ഞിട്ടുള്ളൂ. അന്തിമ ചർച്ചയ്ക്കുശേഷമേ ഇതു സംബന്ധിച്ച തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ബാങ്ക് പ്രതിനിധികളുമായി അന്തിമ ഘട്ട ചർച്ച നടന്നതിനുശേഷം മാത്രമേ ഇത് വ്യക്തമാക്കാനാവൂ.

## ചന്ദനത്തടിയുടെ ക്രയവിക്രയം

25(*231) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചന്ദനത്തടിയും മറ്റ് ഉല്പന്നങ്ങളും കടത്തിക്കൊണ്ട് പോയിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ;

LIBRARY ARCHIVES Kerala Legislative Assembly